# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 873 30.01.2019-ൽ മറുപടിയ്ക്ക്

### ന്യായവിലയ്ക്ക് ഗുണമേന്മയുള്ള കോഴിയിറച്ചി ലഭ്യമാക്കാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.അനിൽ അക്കര | | അഡ്വ.കെ.രാജു<br>(വനം,മൃഗസംരക്ഷണം<br>ക്ഷീരവികസനം,മൃഗശാല വകുപ്പ് മന്ത്രി) |
| എ) | ഇറച്ചിക്കോഴി വളർത്തൽ വ്യാപകമാക്കി ന്യായവിലയ്ക്ക് ഗുണമേന്മയുള്ള ഇറച്ചി സംസ്ഥാനത്ത് ലഭ്യമാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | എ) | ആരംഭിച്ചിട്ടുണ്ട്. |
| ബി) | ഇതിന്റെ ഭാഗമായി പേരന്റ് സ്റ്റോക്കും ഫാമുകളും ഹാച്ചറികളും സ്ഥാപിക്കുന്നതിന് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന് സർക്കാർ ധനസഹായം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | ബി) | പുതിയ ഫാമുകളും ഹാച്ചറികളും സ്ഥാപിക്കുന്നതിന് കെപ്കോയ്ക്ക് തുക അനുവദിച്ചിട്ടില്ല. എന്നാൽ കെപ്കോയുടെ കീഴിലുള്ള ഫാമുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് 150 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതിൽ 45 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| സി) | കോഴിക്കുഞ്ഞുങ്ങളെ സബ്സിഡി നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; | സി) | ഇല്ല, മിതമായ നിരക്കിൽ കോഴിക്കുഞ്ഞുങ്ങളെ കർഷകർക്ക് നൽകുന്നുണ്ട്. |
| ഡി | മാളയിൽ സ്ഥാപിക്കുന്ന കോഴിത്തീറ്റ ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | ഡി) | നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ